(ബി) എങ്കിൽ അത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ ;

(സി) പതിനൊന്നാം ധനകാര്യ കമ്മീഷന്റെ അവാർഡ് അനുസരിച്ച് സംസ്ഥാനത്തിന് നഷ്ടമാകുന്ന തുക എത്ര എന്ന് കണക്കാക്കിയിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ;

(ഡി) പത്താം ധനകാര്യ കമ്മീഷന്റെ മൊത്ത വരുമാനത്തിന്റെ എത്ര ശതമാനം സംസ്ഥാനങ്ങൾക്ക് നൽകണമെന്നായിരുന്നു ശുപാർശ ചെയ്തിരുന്നതെന്ന് വെളിപ്പെടുത്താമോ ;

(ഇ) ഇത് പ്രകാരം സംസ്ഥാനത്തിന് എന്തു തുക ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

(എഫ്) ജനസംഖ്യാ നിയന്ത്രണ നടപടി ഫലപ്രദമായി സ്വീകരിച്ചിട്ടുള്ള സംസ്ഥാനമെന്ന നിലയിൽ കേരളത്തിന് എന്തെങ്കിലും പരിഗണന 11-ാം ധനകാര്യ കമ്മീഷൻ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ജി) സംസ്ഥാനത്തിന്റെ ഭൂ വിസ്തൃതി, പശ്ചാത്തല സൗകര്യങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് എന്തെങ്കിലും പരിഗണന 11-ാം ധനകാര്യ കമ്മീഷൻ നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) :

(എ) ഉണ്ട്.

(ബി) നികുതി വിഭജനത്തിന് സംസ്ഥാനം നിർദ്ദേശിച്ചിരുന്ന മാനദണ്ഡങ്ങൾക്കു വിരുദ്ധമായി കമ്മീഷൻ രൂപം കൊടുത്ത പുതിയ മാനദണ്ഡങ്ങൾക്കനുസരണമായി നികുതി വിഭജനം നടത്തിയപ്പോൾ സംസ്ഥാനത്തിന് ഭീമമായ നഷ്ടം ഉണ്ടായി.

(സി) കണക്കാക്കിയിട്ടുണ്ട്. 2000-2005 വർഷക്കാലയളവിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം 3664 കോടി രൂപയാണ്.

(ഡി) 29 ശതമാനം. (26+3)

(ഇ) 20,300.30 കോടി രൂപ

(എഫ്) പരിഗണനയൊന്നും ലഭിച്ചിട്ടില്ല.

(ജി) ഇല്ല.

ഡബ്ല്യൂ.റ്റി.ഒ. കരാർ

19 (*79) ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. പി. പി. തങ്കച്ചൻ :
ശ്രീ. ആര്യാടൻ മുഹമ്മദ് :
ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഡബ്ല്യൂ.റ്റി.ഒ. യുമായുള്ള കൃഷിയെ സംബന്ധിക്കുന്ന കരാർ സംസ്ഥാനകാർഷികോൽപന്നങ്ങളെ എപ്രകാരമെല്ലാമാണ് ബാധിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധിച്ച് ഗവൺമെന്റ് എന്തെല്ലാം പഠനം നടത്തിയിട്ടുണ്ട് ;

(സി) ഡബ്ല്യൂ.റ്റി.ഒ. കരാറുകളുടെ വെളിച്ചത്തിൽ കാർഷികോൽപന്നങ്ങളുടെ വിലയിടിയാതെ നോക്കുന്നതിനും കർഷകർക്ക് ആവുന്നത്ര സഹായങ്ങൾ നൽകുന്നതിനും ഗവൺമെന്റ് എന്തെല്ലാം നടപടി ഇതുവരെ സ്വീകരിച്ചിട്ടുണ്ട് ;

(ഡി) ഈ നടപടി കാർഷികോൽപന്നങ്ങളെയും കർഷകരെയും സംബന്ധിച്ച് ഏതെല്ലാം വിധത്തിൽ പ്രതിഫലിച്ചുവെന്ന് വിശദീകരിക്കുമോ ;

(ഇ) ഡബ്ല്യൂ.റ്റി.ഒ.യുമായുള്ള കൃഷിയെ സംബന്ധിക്കുന്ന കരാറിന്റെ വെളിച്ചത്തിൽ സംസ്ഥാനത്തെ കാർഷികോൽപന്നങ്ങൾക്ക് വിലയിടിയാതെ എപ്രകാരം കരുതൽ നടപടി സ്വീകരിക്കാമെന്നതിനെപ്പറ്റിയും കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകാമെന്നതിനെയുംപറ്റി പഠിക്കുവാൻ ഒരു കമ്മീഷനെ നിയമിക്കുമോ ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സാമ്പത്തിക ഉദാരവൽക്കരണനയത്തിന്റെ ഭാഗമായും ലോക വ്യാപാരസംഘടനയിൽ ഇന്ത്യ അംഗമായതിനാലും കാർഷിക/കാർഷികേതര ഉൽപന്നങ്ങൾ സ്വതന്ത്രമായി ഇറക്കുമതി/കയറ്റുമതി ചെയ്യുന്നതിനുള്ള അവസരവും സാദ്ധ്യതയും ഉണ്ട്. അതുവഴി ആഭ്യന്തരമായി ഉൽപാദിപ്പിക്കുന്ന മിക്ക ഉൽപന്നങ്ങൾക്കും വിലക്കുറവ് അനുഭവപ്പെടുന്നുണ്ട്. ആഭ്യന്തരവിപണിയിൽ കാർഷികവിളകൾക്കുള്ള ഗണ്യമായ വിലത്തകർച്ച സമ്പദ്ഘടനയെ താറുമാറാക്കി. കേരളത്തിന്റെ പ്രധാന വിളയായ നാളികേരത്തിന്റെ വില കഴിഞ്ഞ ഏതാനും വർഷത്തെ അപേക്ഷിച്ച് ഗണ്യമായി കുറഞ്ഞു. തെങ്ങ് കൃഷിയെ ആശ്രയിച്ചു കഴിയുന്ന ഗ്രാമീണജനത കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതുപോലെ റബ്ബർ, കുരുമുളക്, തേയില, കാപ്പി തുടങ്ങിയ കാർഷികോൽപന്നങ്ങളും വൻപിച്ച വിലത്തകർച്ച നേരിടുകയാണ്. കൂടാതെ ഗുണമേന്മ കുറഞ്ഞ ഉൽപന്നങ്ങൾ കുറഞ്ഞവിലയ്ക്കും കുറഞ്ഞ തീരുവയിലും ഇറക്കുമതി ചെയ്യുന്നതും ഒരു കാരണമാണ്.

(ബി) പഠനം നടത്തിവരുന്നു.

(സി) ലോകവ്യാപാര സംഘടനയുമായുള്ള കരാർ പ്രകാരം കേരളത്തിൽ ഉൽപാദിപ്പിക്കുന്ന എല്ലാ ഉൽപന്നങ്ങളും വിദേശരാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നതുമൂലം കേരളത്തിലെ കാർഷികോൽപന്നങ്ങൾക്ക് വിപണിയിൽ ഉണ്ടാകാവുന്ന പ്രത്യാഘാതങ്ങൾ മനസ്സിലാക്കി സംസ്ഥാന സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിൽ നിരന്തരം സമ്മർദ്ദം ചെലുത്തിവരുന്നു.

1. കേരളത്തിലെ പ്രധാനവിളകളെല്ലാം കേന്ദ്ര കാർഷികവില നിർണ്ണയ കമ്മീഷന്റെ അധികാരപരിധിയിലും പരിഗണനയിലും ഉൾപ്പെടുത്തി ഉൽപാദനചിലവുമായി ബന്ധപ്പെടുത്തി എല്ലാ വിളകൾക്കും താങ്ങുവില പ്രഖ്യാപിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

2. കൊപ്രയ്ക്ക് പ്രഖ്യാപിക്കുന്ന താങ്ങുവിലയുമായി ബന്ധപ്പെടുന്ന വില നിശ്ചയിച്ച് കർഷകരിൽനിന്നും നാളികേരം സംഭരിക്കുക.

3. സോപ്പ്, വനസ്പതി, സൗന്ദര്യവർദ്ധകവസ്തുക്കൾ എന്നിവയുടെ നിർമ്മാണത്തിൽ വെളിച്ചെണ്ണ നിർബന്ധമായും ഉപയോഗിക്കുന്നതിനും നിയമനിർമ്മാണം നടത്തുക.

4. എണ്ണയുടെ, വിശേഷിച്ച് പാം ഓയിലിന്റെ ഇറക്കുമതി തീരുവ 300 ശതമാനമായി ഉയർത്തുക

5. ആഭ്യന്തര ഉൽപാദനം, ആഭ്യന്തര ഉപയോഗത്തെ തൃപ്തിപ്പെടുത്തുവാൻ പര്യാപ്തമാണെങ്കിൽ ആ ഉൽപന്നങ്ങളുടെ ഇറക്കുമതി നിരോധിക്കുക.

6. തക്കസമയത്തുതന്നെ (ഡിസംബറിൽ) കൊപ്രയ്ക്ക് താങ്ങുവില പ്രഖ്യാപിക്കുക.

7. നാളികേര ഉല്പന്ന വൈവിദ്ധീകരണത്തിന് കേന്ദ്ര സഹായം നൽകുക

8. മറ്റു സംസ്ഥാനങ്ങളിൽ തെങ്ങുകൃഷി അനിയന്ത്രിതമായി വ്യാപിപ്പിക്കുന്നത് തടയുക.

9. ഉൽപാദനചിലവ് കുറയുന്നതിന് സഹായകരമായി ഗവേഷണങ്ങളും യന്ത്രവൽക്കരണവും രൂപകൽപന ചെയ്യുവാൻ കേന്ദ്രം 100ശതമാനം സഹായിക്കുക.

(ഡി) ഇക്കാര്യം പഠിച്ചുവരുന്നതേയുള്ളൂ.

(ഇ) ഗാട്ടുകരാർ മൂലമുണ്ടായിട്ടുള്ള പ്രതിസന്ധിയെ നേരിടുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനുവേണ്ടി പ്രാരംഭമായി ഒരു ഡബ്ല്യൂ.റ്റി.ഒ. വിശകലനസെൽ രൂപീകരിക്കുന്നതാണ്.

കർഷകരുടെയും ചെറുകിട ഭൂവുടമകളുടെയും ദു:സ്ഥിതി

20 (*80) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പ്രധാന ഉൽപന്നങ്ങളായ നാളികേരം, റബ്ബർ, കുരുമുളക്, എന്നിവയുടെ വിലയിടിവുമൂലം സാമ്പത്തിക തകർച്ച അനുഭവിക്കുന്ന കർഷകരുടെയും ചെറുകിട ഭൂഉടമകളുടെയും ദു:സ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇവർക്ക് ആശ്വാസം നൽകാൻ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദവിവരം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly